LIBRARY ARCHIVES Kerala Legislative Assembly

കണ്ണപ്പെരുവണ്ണാന്റെ സ്മരണയ്ക്കായി ഫോക്ക്‌ലോർ വില്ലേജ്

69 (2702) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെയ്യം കലയുടെ കുലപതിയായ നർത്തകരത്നം കണ്ണപ്പെരുവണ്ണാന്റെ സ്മരണ നിലനിർത്തുന്നതിനും തെയ്യം കല പരിപോഷിപ്പിക്കുന്നതിനുമായി അദ്ദേഹത്തിന്റെ ജന്മനാടായ കൊടക്കാട് ഗ്രാമത്തിൽ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഫോക്ക് ലോർ വില്ലേജിന് ആവശ്യമായ സ്ഥലം പതിച്ചു ലഭിക്കുന്നതിനുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

നർത്തകരത്നം കണ്ണപ്പെരുവണ്ണാന്റെ പേരിൽ ഫോക്ക്‌ലോർ വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല

ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക

70 (2703) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജൂൺ മാസം മുതൽ 2015 മാർച്ച് വരെ ഐ &പി.ആർ.ഡി. വഴി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയെത്ര ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) റിലീസ് ചെയ്ത പരസ്യങ്ങൾക്ക് നാളിതുവരെ കൊടുത്തുതീർക്കാനുള്ള തുക എത്രയെന്നും ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും പരസ്യത്തിലേക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നുമുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) 2011 ജൂൺ മാസംമുതൽ 2015 മാർച്ച് വരെ ഐ.&പി.ആർ.ഡി. വഴി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയുടെ

LIBRARY ARCHIVES Kerala Legislative Assembly

വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ടെൻഡർ	ഡിസ്പ്ലേ	ഇലക്ട്രോണിക്സ് മീഡിയ
2011-12	6 കോടി	24,88,92,778	5,28,93,924
2012-13	6 കോടി	14,98,69,296	5,49,40,972
2013-14	6.5 കോടി	11,78,52,200	5,73,84,209
2014-15	13 കോടി	12,99,99,639	3,99,99,861

ആകെ ചെലവായ തുകയിൽ 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) റിലീസ് ചെയ്ത പരസ്യങ്ങൾക്ക് പഴയ നിരക്കുപ്രകാരം ഏകദേശം 28 കോടി രൂപ നാളിതുവരെ കൊടുത്തുതീർക്കാനുണ്ട്. റിലീസ് ചെയ്ത പരസ്യങ്ങളുടെ ബില്ലുകൾ പൂർണ്ണമായും വകപ്പിൽ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും പരസ്യത്തിലേയ്ക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുകയും ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ചെലവാക്കിയ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതവും അധിക ഫണ്ടും ഉൾപ്പെടെ അനുവദിച്ച തുക	ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽ നിന്നുൾപ്പെടെ ആകെ ചെലവഴിച്ച തുക
2011-12	36 കോടി 90 ലക്ഷം	36,17,86,702
2012-13	23 കോടി	26,48,10,268*
2013-14	22 കോടി	24,02,36,409*
2014-15	30 കോടി	29,99,99,500

*2012-13, 13-14 സാമ്പത്തിക വർഷത്തിൽ ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽനിന്നും ചെലവായ 3,49,40,972 രൂപയും 2,02,59,660 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.